**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 897** **31-01-2024 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കുന്ന സ്റ്റാർട്ട് അപ്പ് ഡ്രീംസ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കുന്ന സ്റ്റാർട്ട് അപ്പ് ഡ്രീംസ് പദ്ധതിയുടെ നിലവിലെ പ്രവർത്തന പുരോഗതി അറിയിക്കാമോ; | (എ) | പട്ടികജാതി വികസന വകുപ്പ് സ്റ്റാർട്ട്-അപ്പുകൾക്കായി സ്റ്റാർട്ട്-അപ്പ്- ഡ്രീംസ് എന്ന പദ്ധതി 2016 -ൽ ആരംഭിച്ചു. 2023 ജൂണിൽ പ്രസ്തുത പദ്ധതി സ്റ്റാർട്ട്-അപ്പ്-സിറ്റി ആയി പുനർനാമകരണം ചെയ്യുകയും, പുനരാവിഷ്കരിച്ച് നടപ്പിലാക്കി വരികയുമാണ്. സ്റ്റാർട്ട്.അപ്പ്-ഡ്രീംസ് പദ്ധതിയുടെ ഭാഗമായി 38 സ്റ്റാർട്ട്-അപ്പുകൾക്ക് ഇങ്കുബേഷൻ സൗകര്യവും 6 സ്റ്റാർട്ട്-അപ്പുകൾക്ക് പ്രത്യേക സീഡ് ഫണ്ട് സൗകര്യവും നൽകിയിട്ടുണ്ട്, ഈ സ്റ്റാർട്ട്-അപ്പുകൾക്ക് കേരള സ്റ്റാർട്ട്-അപ്പ്-മിഷന്റെ വിവിധ പദ്ധതികളിലൂടെയുള്ള മറ്റ് സൗകര്യങ്ങളും നൽകിയിട്ടുണ്ട്. സ്റ്റാർട്ട്-അപ്പ്-സിറ്റി പദ്ധതിയുടെ ആദ്യ ഘട്ടമായി 260 അപേക്ഷകരെ തെരഞ്ഞെടുക്കുകയും അവർക്ക് ബിസിനസ്സ് സഹായം നൽകുന്നതിനുള്ള നടപടി പുരോഗമിക്കുകയുമാണ് . |
| (ബി) | തിരുവനന്തപുരം ജില്ലയിൽ ഈ പദ്ധതി പ്രകാരം ഏതെല്ലാം സ്റ്റാർട്ട് അപ്പുകൾ നാളിതുവരെ ആരംഭിച്ചിട്ടുണ്ടെന്ന വിവരം നൽകാമോ? | (ബി) | ഈ പദ്ധതി സംസ്ഥാന അടിസ്ഥാനത്തിലാണ് നടപ്പാക്കുന്നത്. തിരുവനന്തപുരം ജില്ലയിൽ നിന്നും സ്റ്റാർട്ട്-അപ്പ്-ഡ്രീംസ് പദ്ധതി പ്രകാരം 6 സംരംഭകരും സ്റ്റാർട്ട്-അപ്പ്-സിറ്റി പദ്ധതി പ്രകാരം 61 സംരംഭകരുമാണ് നിലവിൽ ഉള്ളത്. |

സെക്ഷൻ ഓഫീസർ